**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 800** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പീരുമേട് മണ്ഡലത്തിലെ സത്രം എയർസ്ട്രിപ്പിന്റെ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സിറിയക് തോമസ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** പീരുമേട് മണ്ഡലത്തിലെ സത്രം എയർസ്ട്രിപ്പിന്റെ വികസനത്തിന്റെ ഭാഗമായി റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി അറിയിക്കാമോ;

**<u>മറുപടി:</u>** സത്രം എയർസ്ട്രിപ്പിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്കും റൺവേ ദീർഘിപ്പിക്കുന്നതിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനുമായി 2.6621 ഹെക്ടർ വനഭൂമി ആവശ്യപ്പെട്ടുകൊണ്ട് യൂസർ ഏജൻസിയായ എൻ.സി.സി. കേന്ദ്രാനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത എയർസ്ട്രിപ്പ് പെരിയാർ ടൈഗർ റിസർവിൽ നിന്നും 650 മീറ്റർ മാത്രം അകലെ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ ക്ലിയറൻസ് ആവശ്യമാണ്.

പരിവേഷ് പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷയിൽ പരിഹാര വനവൽക്കരണത്തിനായുള്ള ഭൂമി വിവരവും വൈൽഡ് ലൈഫ് ക്ലിയറൻസ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ യൂസർ ഏജൻസി ആയ എൻ. സി. സി. യോട് ആവശ്യപ്പെട്ടിട്ടുള്ളതും യൂസർ ഏജൻസി വിവരങ്ങൾ ലഭ്യമാക്കുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

**(ബി)** പ്രസ്തുത റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കി ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സത്രം എയർസ്ട്രിപ്പിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്കും റൺവേ ദീർഘിപ്പിക്കുന്നതിനും അപ്രോച്ച് റോഡ് നിർമ്മാണത്തിനുമായി 2.6621 ഹെക്ടർ വനഭൂമി ആവശ്യപ്പെട്ടുകൊണ്ട് യൂസർ ഏജൻസിയായ എൻ.സി.സി. കേന്ദ്രാനുമതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത എയർസ്ട്രിപ്പ് പെരിയാർ ടൈഗർ റിസർവിൽ നിന്നും 650 മീറ്റർ മാത്രം അകലെ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശത്ത് സ്ഥിതി ചെയ്യുന്നതിനാൽ നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ ക്ലിയറൻസ് ആവശ്യമാണ്.

പരിവേഷ് പോർട്ടൽ മുഖേന സമർപ്പിച്ച അപേക്ഷയിൽ പരിഹാര വനവൽക്കരണത്തിനായുള്ള ഭൂമി വിവരവും വൈൽഡ് ലൈഫ് ക്ലിയറൻസ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ യൂസർ ഏജൻസി ആയ എൻ. സി. സി. യോട് ആവശ്യപ്പെട്ടിട്ടുള്ളതും യൂസർ ഏജൻസി വിവരങ്ങൾ ലഭ്യമാക്കുന്ന മുറക്ക് തുടർ നടപടി സ്വീകരിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**